# Week -2

# Shadow of Worship -Jerusalem

## *(ആരാധനയുടെ നിഴൽ) -യെറുശലേം (യോഹ : 4:23)*




പുതിയനിയസഭയോടുള്ള ബന്ധത്തിൽ യെറുശലേം പ്രധാനമായും പത്ത് കാര്യങ്ങൾക്കുള്ള നിഴലാണ്. രക്ഷയുടെ നിഴൽ നാം ചിന്തിച്ചു. അടുത്തതായി ആരാധനയുടെ മഹത്വത്തെപ്പറ്റി നമുക്ക് പഠിക്കുവാൻ ദൈവം നമ്മെ സഹായിക്കട്ടെ.

മോശയുടെ ന്യായപ്രമാണം അനുസരിച്ച് യാഗങ്ങളിലൂടെ മാത്രമേ മനുഷ്യന് രക്ഷയുള്ളു എന്ന് മതഭക്തന്മാരായ യഹുദന്മാർ വിശ്വസിച്ചിരുന്നു. ദേവാലയം നഷ്ടമായ യഹുദൻ യാഗം കഴിക്കുവാൻ നിർവ്വാഹമില്ലാതെ വന്നപ്പോൾ അവന്റെ ന്യായപ്രമാണം വായിച്ച് തൃപ്തി അടഞ്ഞു നമ്മിൽ പലരും യഹുദന്മാരുടെ ഈ വിചിത്രാചാരങ്ങൾ അറിഞ്ഞോ അറിയാതെയോ ചെയ്തുകൊണ്ടിരിക്കുന്നു. വീണ്ടും ജനനം പ്രാപിക്കാത്ത മനുഷ്യൻ ദൈവത്തെ ആരാധിക്കുന്നതിനും അനുസരിക്കുന്നതിനുള്ള ആന്തരിക ഒരുക്കം ഇല്ലാത്തവനാണ് ഇന്നും യേശു സ്വന്തരക്തത്താൽ വീണ്ടെടുത്ത ജനം അടങ്ങിയ പല പുതിയ നിയമസഭകളും കൽപ്പനകൾ അനുസരിക്കാതെ കർമ്മങ്ങളിൽ മുഴുകി നേർച്ചകാഴ്ചകൾ നടത്തുന്നു. മൃഗങ്ങളെ കൊന്നും, മലകൾ ചവിട്ടിയും സൃഷ്ടികളെ ആരാധിച്ചും സൃഷ്ടാവിനെ മറക്കുന്നവർ ഇന്നും ഉണ്ട്. ദൈവത്തെ ആരാധിക്കുവാൻ കഴിയാത്തവ

രാണ് ഇപ്രകാരം കറുക്കുവഴികൾ ഉപയോഗിച്ച് തൃപ്തി അടയുന്നത്. സത്യാരാധന വ്യക്തമാക്കുന്ന സുവിശേഷം അഗണ്യമാക്കി പാരമ്പര്യത്തിന്റെ മഹത്വം പറയുന്നവർ ശമര്യ്യ സ്ത്രീയെപ്പോലെയാണ്. ഇവിടെയാണ് പുതുയ നിയമസഭയുടെ ചുമതല ഉണരേണ്ടത്.

ആരാധനയെക്കുറിച്ച് വ്യക്തമായ ധാരണയില്ലാത്ത ശമര്യസ്ത്രി പൂർവ്വീകർ ആരാധിച്ച മലയും അവർ കുഴിച്ച കിണറും ആ കിണററിലെ വെള്ളത്തിന്റെ മഹത്വം വർണ്ണിക്കുമ്പോൾ ആത്മാവിലും സത്യത്തിലുള്ള ആരാധനയെപ്പറ്റി യേശു അവൾക്ക് മനസ്സിലാക്കിക്കൊടുക്കുന്നു. read യോഹ :4:23-24സർവ്വശക്തനായ ദൈവം പരിശുദ്ധൻ പരിശുദ്ധൻ പരിശുദ്ധൻ എന്ന് രാപ്പകൽ ദൂതന്മാർ വിശ്രമം കൂടാതെ സ്തുതിക്കുന്നു. എന്ന് വെളിപ്പാടു പുസ്തകത്തിൽ കാണുന്നു.

eg: വെളി: 4:8,5:12 എന്നാൽ ദൈവം താൻ വീണ്ടെടുത്ത ജനത്തിന്റെ ചൈതന്യമുള്ള ആരാധനയാണ് ആഗ്രഹിക്കുന്നത്

ആരാധിക്കേണ്ട ഇടത്തെപ്പറ്റി യേശു ശമര്യ്യ സ്ത്രീയോട് പറഞ്ഞുകൊടുക്കുന്നത് യോഹ :4:21 ൽ കാണുന്നു. യെറുശലേമിൽ ആരാധനയും സ്തുതിയും സ്തോത്രവും ഉയരുന്നു. ഒന്നാം ലോകമഹായുദ്ധ കാലത്ത് പട്ടാളക്കാർക്കുവേണ്ടി ആരാധന നടത്തുവാൻ ചുമതലപ്പെട്ട പുരോഹിതൻ ആരാധന തുടങ്ങുമ്പോൾ അദ്ദേഹവും സഹായിയും മാത്രമേ ഉണ്ടായിരുന്നുള്ളു. “സൈന്യങ്ങളുടെ ദൈവമായ യഹോവേ ദൂതഗണങ്ങളോട് ചേർന്ന് അങ്ങയെ ഞങ്ങൾ ആരാധിക്കുന്നു എന്ന് ഉറക്കെ പ്രസ്താവിച്ച് തിരിഞ്ഞപ്പോൾ കണ്ടത് ഔദ്യോഗിക വസ്ത്രം ധരിച്ച ഒരു പട്ടാളക്കാരനെയാണ് ആരാധനതീർത്ത് വേഗം ഓഫീസറുടെ അടുത്തെത്തി അയാൾ നന്ദി പറഞ്ഞു മറ്റുള്ളവർ വരാത്തതിലെ പരിഭവവും അറിയിച്ചു. “അങ്ങയുടെ പരാതികേട്ടപ്പോൾ ദൂതന്മാരുടെ കൂടെയുള്ള ആരാധനമനസ്സിൽ തന്നെ സന്തോഷം നഷ്ടമായി” എന്ന് പട്ടാളക്കാരൻ പറഞ്ഞു. പ്രീയരേ! സ്ഥലം ഏതെന്നോ, എത്രപേർ വന്നു എന്നതോ അല്ല വിഷയം നാം ആയിരിക്കുന്ന സ്ഥലത്ത് സ്വർഗ്ഗം തുറന്നതും സ്വർഗ്ഗീയനെ കണ്ടതുമായ സന്തോഷം യെശയ്യാവിന് ലഭിച്ചതുപോലെ നമുക്ക് ലഭിച്ചോ എന്നതാണ് പ്രധാനമായി ചിന്തിക്കേണ്ടത്. ആരാധി

ക്കുന്ന സ്ഥലമല്ല ആരാധ്യനും ആരാധകനും തമ്മിലുള്ള ദൃഢബന്ധത്തിലാണ് ആരാധനയുടെ മനോഹാരിത വെളിപ്പെടുന്നത്.

ദൈവീക നിർദ്ദേശം കൃത്യമായി പാലിക്കുന്ന ആരാധകന്റെ പ്രർത്ഥനയ്ക്കു മാത്രമേ കൃത്യമായി മറുപടിലഭിക്കുകയുള്ളു കല്പനകൾ അനുസരിക്കാനുള്ള താണ് കപട ആരാധകരോട്, തന്നെ മറന്ന് ജീവിക്കുന്നവരോട് യഹോവ പറ യുന്നു ഞാൻ നിങ്ങളെ കീറിക്കളയും വിടുവിപ്പാൻ ആരും ഉണ്ടാകയില്ല എന്ന് യഥാർത്ഥ ആരാധനയ്ക്ക് പുറപ്പെടുന്നവൻ അബ്രഹാമിനെപ്പോലെ ആയിരിക്ക ണം. Read ഉല്പ: 22:4,5 കൂടെ കൂറെ ദൂരം ഒരാൾ വരുന്നത് ആരാധനാ സ്ഥല ത്തേക്കുള്ള പ്രവേശന ടിക്കററല്ല. ആരാധിക്കേണ്ടവർ നിർജ്ജീവപ്രവർത്തികളെ വിട്ട് ശക്തിയോടെ ആരാധിക്കണം

Read റോമ:12:12, എബ്രാ:9:14 ആരാധന എപ്പോഴും ആത്മീനിറവുള്ള താക ണം. യോഹ : 4:23, 24. അപ്രകാരമുള്ള ആരാധനയിൽ സ്തുതിയും സതോ ത്രവും ഹല്ലേലുയ്യായും അന്യഭാഷയും ഉണ്ടായിരിക്കും എല്ലാറ്റിനുവേണ്ടിയും എല്ലായിപ്പോഴും സ്തുതിക്കുവാൻ സഭ ജനത്തെ ധൈര്യപ്പെടുത്തണം. look 1 തെസ്സ :5:17:18 ദൈവം തനിക്ക് ആരാണെന്ന ആഴമായ ബോദ്ധ്യത്തോടെ ആയിരി ക്കേണം ഒരു ഭക്തൻ ആരാധിക്കേണ്ടത്. ആരാധിക്കുന്നവരെ കാണുന്നവരുടെ ഹൃദയംപേലും സന്തോഷിക്കുന്നവിധത്തിൽ അവിടെ ദൈവസാന്നിദ്ധ്യമുണ്ടാക ണം. ആരാധിക്കുന്നവർ ഏകാഗ്രഹൃദയത്തോടെ ആരാധിക്കേണ്ടതാണ്. അപ്പോ:പ്ര:26:7

കാട്ടിൽ ആരാധിച്ച ദാവീദദിനെ കണ്ട കർത്താവ് അവനെ കൊട്ടാരത്തിലെ ത്തിച്ചപ്പോഴും അവൻ ആരാധന മറന്നില്ല. സ്ഥലമോ, സാഹചര്യമോ പദവിയോ ഒന്നും രാജാവ് നോക്കിയില്ല. ഉത്സാഹത്തോടെ ആത്മീഷ്ണതയോടെ ആരാധിച്ചു. സൃഷ്ടാവായ ദൈവത്തിന്റെ ദയയാണ് നമ്മുടെ ആരോഗ്യം സ്ഥാനമാനങ്ങൾ എന്നറിയുന്ന രാജാവ് തന്നെ മാന്യനാക്കിയ ദൈവത്തെ ശക്തിയോട് ആരാധിച്ചു. Read 2 ശമു 6:14,21,22 ആരാധിക്കുവാൻ എത്തുന്നവർ ലജ്ജയില്ലാത്തവരായി ആർത്തുപാടി അവനെ സ്തുതിക്കണം അപ്പോ:പ്രവ:(3:8) ദൈവമഹത്വം കണ്ട്

ആരാധിപ്പാനെത്തുന്നവർ എഴുന്നേറ്റ് നടന്നും തുള്ളിയും ദൈവത്തെ മഹത്വപ്പെട്ടുത്തുന്നവരാകണം മാന്യതയുടെ വ്യാജസങ്കല്പങ്ങൾ തള്ളിക്കളഞ്ഞ് രക്ഷയുടെ വില അറിയാവുന്നവർ ആർത്തില്ലെങ്കിൽ കല്ലുകൾ ആക്കും. ലൂക്കോ 19:40 ഹൃദയശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ അവർ ദൈവത്തെ കാണും മത്താ: (5:87. യെറുശലേമിലെത്തി ദൈവത്തോടൊപ്പം ആരാധിപ്പാൻ ഹൃദയവിശുദ്ധി ആവശ്യമാണ്. ഒരേ മനസ്സോടെ, ശുദ്ധഹൃദയത്തോടെ, വിശ്വസത്തോടെ ധൈര്യമായി ആരാധിക്കുമ്പോഴാണ് നാം ആരാധിക്കുന്നിടവും ആരാധനയും യെറുശലേമിന്റെ നിഴലാകുന്നത്. അതിനുള്ള കൃപ ദൈവം നമുക്ക് തരട്ടെ.


*ശാന്തമ്മ വർഗ്ഗീസ്*

**Santhamma Varghese**

biblestudy.co.in
biblestudy.co.in@gmail.com
facebook.com/biblestudyind
instagram.com/biblestudy.co.in
twitter.com/@BibleStudyInd
youtube.com/channel/UC59JJX2dk_wuLkKT2hE0tg